**കേരള കാർഷിക സർവ്വകലാശാല**

**നമ്പർ : ജിഎ/എ 2/5394/2022**

**തിയ്യതി : 13.05.2022**

**<u>പരിപത്രം</u>**

വിഷയം : – കേരള കാർഷിക സർവ്വകലാശാല – പൊതുഭരണം – കാലിക്കറ്റ് സർവ്വകലാശാലയിലേക്കുള്ള അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റം (നാലാം ഘട്ടം) – അപേക്ഷകൾ ക്ഷണിക്കുന്നത് – സംബന്ധിച്ച്.

സൂചന : – 1) 09.05.2017 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 123/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2) സർവ്വകലാശാലയുടെ 14.03.2022 തിയ്യതിയിലെ ജിഎ/എ 2/6415/2020 നമ്പർ ഉത്തരവ്.

മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലേക്ക് അന്തർസർവ്വകലാശാല സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ഈ സർവ്വകലാശാലയിലെ അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ **25.05.2022** ന് വൈകീട്ട് 5 മണിക്ക് കാർഷിക സർവ്വകലാശാല രജിസ്ട്രാർക്ക് ലഭിച്ചിരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഒരിക്കൽ നൽകിയ അപേക്ഷകൾ അന്തിമമായിരിക്കും.അപേക്ഷകളിൽ യാതൊരു വിധ മാറ്റവും പിന്നീട് വരുത്തുവാൻ അനുവദിക്കുന്നതല്ല.

അപേക്ഷകൾ പിൻവലിക്കാൻ ആഗ്രഹിക്കുന്നവർ **28.05.2022** ന് വൈകീട്ട് 5 മണിക്ക് മുമ്പായി സ്റ്റേഷൻ മേധാവി മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്ക് ശേഷം ലഭിക്കുന്ന പിൻവലിക്കാനുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അന്തർ സർവ്വകലാശാല സ്ഥലംമാറ്റം ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങളിൽ അപേക്ഷ സമർപ്പിച്ച് സ്ഥലംമാറ്റം ലഭിക്കാത്തവർ സ്ഥലംമാറ്റത്തിന് ആഗ്രഹിക്കുന്നുവെങ്കിൽ ഈ ഘട്ടത്തിൽ പുതിയ അപേക്ഷ വീണ്ടും സമർപ്പിക്കേണ്ടതാണ്.

എല്ലാ സ്റ്റേഷൻ മേധാവികളും ഈ പരിപത്രത്തിന്റെ ഉള്ളടക്കം അവരുടെ കീഴിലുള്ള അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും ലഭ്യമായ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സർവ്വകലാശാല രജിസ്ട്രാർക്ക് <u>registrar@kau.in</u> എന്ന ഇ-മെയിൽ അഡ്രസിലേക്ക് തുടർനടപടികൾക്കായി അയക്കേണ്ടതുമാണ്.

അപേക്ഷാഫോറത്തിന്റെ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

**ഡോ. സക്കീർ ഹുസൈൻ എ**
**രജിസ്ട്രാർ**

സ്വീകർത്താവ് : –

കാർഷിക സർവ്വകലാശാലയിലെ എല്ലാ സ്റ്റേഷൻ / ഓഫീസ് മേധാവികൾക്കും
(കീഴിലുള്ള എല്ലാ അസ്സിസ്റ്റന്റുമാരുടെയും, കമ്പ്യൂട്ടർ അസ്സിസ്റ്റന്റുമാരുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് )

പകർപ്പ് : –

annouce@kau.in/ സിസ്റ്റംസ് മാനേജർ (കെ.എ.യു വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/ കരുതൽ ശേഖരം/ മിച്ചം

**//അംഗീകാരത്തോടെ അയയ്ക്കുന്നത്//**

**സെക്ഷൻ ഓഫീസർ**

# അന്തർ സർവ്വകലാശാല സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള അപേക്ഷ

1. പേരും തസ്തികയും :
2. ഓഫീസ് / വകുപ്പ് / വിഭാഗം :
3. സ്ഥിരം മേൽവിലാസം :
4. പി എസ് സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടതാണോ :
5. ഫോൺ നമ്പർ, മൊബൈൽ നമ്പർ, ലാന്റ് ഫോൺ നമ്പർ :
6. കെ എ യു വിൽ സർവീസിൽ പ്രവേശിച്ച തിയ്യതി :
7. ശമ്പളവും ശമ്പള സ്കെയിലും :
8. ഇപ്പോഴത്തെ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച തിയ്യതി :
9. മാറ്റം ലഭിക്കേണ്ട സർവ്വകലാശാലകൾ (മുൻഗണനാക്രമത്തിൽ) :

മേൽ പ്രസ്താവിച്ച വിവരങ്ങൾ എന്റെ അറിവിൽപ്പെട്ടിടത്തോളം സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തിയ്യതി

ഒപ്പ് :

പേര് :

തസ്തിക :

സ്ഥാപനമേധാവിയുടെ / മേലുദ്യോഗസ്ഥന്റെ മേലൊപ്പ്